"ഭരണഭാഷ മാതൃഭാഷ"

immediate

# വ്യാവസായിക പരിശീലനവകുപ്പ്
# (കേരള സംസ്ഥാനം)

നമ്പർ : എഫ്1/26966/13 website

ശാന്തിനഗർ, തിരുവനന്തപുരം-01
തീയതി : 28/07/2015

ട്രെയിനിംഗ് ഡയറക്ടർ

എല്ലാ ഗവൺമെന്റ്/ പ്രൈവറ്റ് ഐ.റ്റി.ഐ പ്രിൻസിപ്പാൾമാർക്കും

സർ,

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ കോഴ്സിലേക്കുള്ള അഡ്മിഷൻ നിർത്തിവയ്ക്കുന്നത് - സംബന്ധിച്ച്

സൂചന:- നം: 2810/സി2/09/തൊഴിൽ തീയതി 23/07/2014 ലെ സർക്കാർ കത്ത്.

ഗവൺമെന്റ് ഐ.ടി.ഐകളിലും പ്രൈവറ്റ് ഐ.ടി.ഐകളിലും നടത്തപ്പെടുന്ന ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ (HSI) ട്രേഡിൽ പരിശീലനം നേടി സർട്ടിഫിക്കറ്റ് കരസ്ഥമാക്കുന്ന ട്രെയിനികൾക്ക് ടി കോഴ്സ് PSC അംഗികരിക്കാത്തതിനാൽ സർക്കാർ സ്ഥാപനങ്ങളിൽ ജോലി നിഷേധിക്കുന്നതിനാലും കൂടാതെ സ്വയം തൊഴിൽ/സ്വകാര്യമേഖലകളിലും ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ കോഴ്സ് പാസ്സായ ട്രെയിനികൾക്ക് തൊഴിൽ സദ്ധ്യതയില്ലെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ ട്രേഡ് ഐ.ടി.ഐകളിൽ നിർത്തൽ ചെയ്യാൻ സൂചന പ്രകാരമുള്ള കത്ത് മുഖാന്തിരം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 2015-2016 അദ്ധ്യായന വർഷം മുതൽ ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ ട്രേഡിൽ അഡ്മിഷൻ നടത്തേണ്ടതില്ല എന്ന വിവരം അറിയിക്കുന്നു.

താങ്കളുടെ വിശ്വസ്തൻ

സ്റ്റേറ്റ് അപ്രന്റീസഷിപ്പ് അഡ്വൈസർക്കു വേണ്ടി

ഉള്ളടക്കം:-

സൂചന പ്രകാരമുള്ള സർക്കാർ കത്തിന്റെ പകർപ്പ്

കോപ്പി:-

1. ഡിറ്റി/എഡിറ്റി/എഡിറ്റി(സിഎ)
2. എല്ലാ ഐ.ടി.ഐ/ബി.ടി.സി/എവി.ടി.എസ് പ്രിൻസിപ്പാൾമാർക്കും
3. ജെ.എസ് (എഫ് സെക്ഷൻ)
4. എസ്.എഫ് (എഫ്1 സെക്ഷൻ)

ആർ 28.07.2014

15

34750

അടിയന്തിരം

കേരള സർക്കാർ
തൊഴിലും പുനരധിവാസവും (സി) വകുപ്പ്

നം.2810/സി2/09/തൊഴിൽ.

തിരുവനന്തപുരം
തീയതി 23.7.2014

ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.

ട്രെയിനിംഗ് ഡയറക്ടർ,
തിരുവനന്തപുരം.

മാഡം,

വിഷയം - ഐ.ടി.ഐ. ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ ട്രേഡ് നിർത്തൽ ചെയ്യുവാൻ നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന - താങ്കളുടെ 4.2.2014-ലെ എഫ്1/26966/13 നമ്പർ കത്ത്.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഗവ. അംഗീകാരത്തോടെ, ഗവ. ഐ.ടി.ഐ. കളിലും പ്രൈവറ്റ് ഐ.ടി.ഐ. കളിലും നടത്തപ്പെടുന്ന "ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ" (HSI) ട്രേഡിൽ പരിശീലനം നേടി സർട്ടിഫിക്കറ്റ് കരസ്ഥമാക്കുന്ന ട്രെയിനികൾക്ക്, ടി കോഴ്സ് പി.എസ്.സി അംഗീകരിക്കാത്തതിനാൽ സർക്കാർ സ്ഥാപനങ്ങളിൽ ജോലി നിഷേധിക്കുന്നതായി ധാരാളം പരാതികൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത കോഴ്സിന് പ്രൈവറ്റ് ഐ.ടി.ഐ. കളിൽ 25,000/- രൂപയിൽ അധികം വാർഷിക ഫീസ് ഈടാക്കുന്നതായിട്ടാണ് പരാതിയിൽ അറിയിച്ചിട്ടുള്ളത്. ഐ.ടി.ഐ.കളിൽ നിന്നും ടി ട്രേഡിൽ പരിശീലനം പൂർത്തിയാക്കിയ ട്രെയിനികൾക്ക് പി.എസ്.സി. പരീക്ഷകൾ/ഇന്റർവ്യൂകൾ പങ്കെടുക്കാൻ പറ്റാത്ത സ്ഥിതി വിശേഷമാണ് നിലവിലുള്ളത്.

പഞ്ചായത്ത് വകുപ്പിലെ സാനിട്ടറി ഇൻസ്പെക്ടർ തസ്തികയ്ക്കും ആരോഗ്യ വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയ്ക്കും HSI ട്രേഡിലെ സർട്ടിഫിക്കറ്റ് യോഗ്യതയാക്കാവുന്നതാണ് എന്ന് ട്രെയിനിംഗ് ഡയറക്ടറേറ്റിൽ നിന്നും റിപ്പോർട്ട് ചെയ്തിരുന്നു. ഈ വിഷയം സംബന്ധിച്ച് 10.9.2013 ൽ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ഒരു മീറ്റിംഗ് കൂടുകയും NCVT/SCVT നടത്തുന്ന ഒരു വർഷ ഐ.ടി.ഐ. ( Health Sanitary Inspector) ട്രേഡ് പാസായി NTC/STC ലഭിക്കുന്നവരെ പഞ്ചായത്ത് വകുപ്പിലെ സാനിട്ടറി ഇൻസ്പെക്ടർ തസ്തികയിലേയ്ക്കും ആരോഗ്യവകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേയ്ക്കും ഉള്ള നിയമനത്തിന് പരിഗണിക്കണമെന്ന് തീരുമാനമെടുക്കുകയും ടി വകുപ്പുകളിലെ സ്പെഷ്യൽ റൂളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് അടിയന്തിര തുടർനടപടികൾ സ്വീകരിക്കണമെന്ന്

നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ "ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ" കോഴ്സ് ജയിച്ച സർട്ടിഫിക്കറ്റ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയ്ക്ക് യോഗ്യതയായി പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അറിയിച്ചിട്ടുണ്ട്. നിരവധി കത്തുകൾ അയച്ചിട്ടും തദ്ദേശസ്വയംഭരണ വകുപ്പ് ഇക്കാര്യത്തിൽ അനുകൂലമായ മറുപടി ഇതേവരെ ലഭ്യമാക്കിയിട്ടില്ല.

പ്രസ്തുത വിഷയം സംബന്ധമായ പരാതികൾ 2008 മുതൽ സർക്കാരിൽ ലഭിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ ഇക്കാര്യത്തിൽ പരാതിക്കാരുടെ ആവശ്യം ഇനിയും പരിഹരിക്കപ്പെട്ടിട്ടില്ല. ഐ.ടി.ഐ. കളിൽ നടത്തുന്ന ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ ട്രേഡ് പാസ്സാകുന്നവർക്ക് സംസ്ഥാന സർക്കാർ വകുപ്പുകളിൽ തൊഴിൽ സാധ്യത ഇപ്പോൾ ഇല്ല. മാത്രമല്ല ടി ട്രേഡ് പാസ്സാകുന്നവർക്ക് സ്വയംതൊഴിൽ/സ്വകാര്യ മേഖലയിലും തൊഴിൽ സാധ്യതയില്ലായെന്ന് പരാതിയുണ്ട്.

മേൽ സാഹചര്യത്തിൽ, ഐ.ടി.ഐ. കളിലെ ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ ട്രേഡ് ഇനിയും തുടരുന്നത് കുട്ടികളുടെ ഭാവിയെ ദോഷകരമായി ബാധിക്കും. ആയതിനാൽ ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ ട്രേഡ് ഐ.ടി.ഐ. കളിൽ നിർത്തൽ ചെയ്യുവാനുള്ള നടപടി താങ്കൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് അറിയിക്കുന്നു. സ്വീകരിച്ച നടപടി സംബന്ധമായ റിപ്പോർട്ട് രണ്ടാഴ്ചയ്ക്കകം സർക്കാരിൽ അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
സി. രാജേന്ദ്രൻ ചെട്ടിയാർ,
അണ്ടർ സെക്രട്ടറി,
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി.

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ.